// വിപശ്യനാ പത്രിക

*സയാജി ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ്. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 7 : ജൂലായ് 2014** — **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**മലയാളം മാസ പത്രിക** — **ധമ്മഗിരി, ഇഗത്പുരി - 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

| | |
|---|---|
| *ബാഹുസച്ചഞ്ച സിപ്പഞ്ച,<br>വിനയോ ച സുസിക്ഖിതോ.<br>സുഭാസിതാ ച യാ വാചാ,<br>ഏതം മംഗലമുത്തമം.* | അനേക വിദ്യകൾ അർജ്ജിക്കുക, ശില്പകലകളിൽ<br>നിപുണത നേടുക, വിനയവാനും, സുശിക്ഷിതനുമാകുക,<br>സുഭാഷിതമായ വാക്കുകളുപയോഗിക്കുക,<br>ഇതാണ് ഉത്തമമായ മംഗളം. |

— **ഖുദ്ദക നികായ, ഖുദ്ദകപാഠപാളി, മംഗളസുത്തം** (വീ.ആർ.ഐ. 1.4)

# മൂന്നു ദിന പ്രവചനം — 1

**എസ്. എൻ. ഗോയങ്ക**

*(ഗോയങ്കജിയുടെ മൂന്നു ദിന ശിബിരത്തിലെ പ്രവചനം)*

വിപശ്ശി ആണെങ്കിൽ മനസ്സിലാക്കും - ഞാൻ വികാരം ഉണർത്തിയതു കൊണ്ട് വ്യാകുലനായി. വികാരം ഉണർത്തിയാൽ വ്യാകുലനായേ തീരൂ. വ്യാകുലതയിൽ നിന്നും മുക്തനാകണമെങ്കിൽ എനിക്ക് വികാരത്തിൽ നിന്നും മുക്തനായേ തീരൂ. വികാരത്തിൽ നിന്നും മുക്തനാകണമെങ്കിൽ വികാരത്തിന്റെ ഉത്ഭവസ്ഥാനത്ത് എത്തിയേ മതിയാകൂ. വികാരം ഉത്ഭവിക്കുന്നത് സംവേദന അനുഭൂതമാകുന്നിടത്താണ്. സംവേദന ആരംഭിക്കുന്നിടത്ത് സുഖദമാണെങ്കിൽ രാഗം എന്ന വികാരം ജനിക്കുന്നു. ദുഖമാണെങ്കിൽ ദ്വേഷമെന്ന വികാരം ജനിക്കുന്നു. അതുകൊണ്ട് സംവേദന അനുഭൂതമാവുന്ന സ്ഥാനത്തെത്തി തടയിടണം. ഇപ്പോൾ സംവേദന സുഖദമായി എന്നാൽ രാഗം ജനിപ്പിക്കുന്നില്ല. സംവേദന ദുഖദമായി എന്നാൽ ദ്വേഷം ജനിപ്പിക്കുന്നില്ല. അങ്ങനെ നമ്മൾ അന്തർമനസ്സിന്റെ ആഴതലങ്ങൾ മുതൽ മനസ്സിനെ ശുദ്ധമാക്കുന്ന ജോലി ആരംഭിച്ചു. ഇപ്പോൾ മേൽമനസ്സിനെ മാത്രം ഭ്രമിപ്പിച്ച് അങ്ങുമിങ്ങും ശ്രദ്ധ കേന്ദ്രീകരിച്ച് ശുദ്ധമാക്കുന്ന ജോലിയല്ല ചെയ്യുന്നത്. അത് സ്വയം ശുദ്ധമായി കൊള്ളും. വൃക്ഷത്തിന്റെ വേരുകൾ നന്നായാൽ വൃക്ഷം സ്വയം നന്നായിക്കൊള്ളും. വൃക്ഷത്തിന്റെ വേരിൽ രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ വൃക്ഷമെങ്ങനെ ആരോഗ്യത്തോടെയിരിക്കും? അത് രോഗി തന്നെയായിരിക്കും. മേൽഭാഗം എത്രതന്നെ അലങ്കരിച്ചാലും അകത്ത് പുഴുക്കുത്തുണ്ടെങ്കിൽ വൃക്ഷം ആരോഗ്യമുള്ളതായിരിക്കുകയില്ല. നമ്മൾ ആരോഗ്യവാന്മാരായിരിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, മനസ്സിനെ രോഗമുക്തമാക്കണമെങ്കിൽ, വേരു വരെ എത്തേണ്ടിയിരിക്കുന്നു. അവിടെ വികാരങ്ങളിൽ നിന്നും മുക്തി നേടേണ്ടിയിരിക്കുന്നു.

ഇതുതന്നെയാണല്ലൊ നമ്മൾ ചെയ്തു കൊണ്ടിരിക്കുന്നത്! നമ്മൾ ശീല സദാചാരങ്ങൾ പാലിച്ചും, അഞ്ചു ശീലം അനുസരിച്ചും പ്രകൃതിയുടെ നിയമത്തിനനുസൃതമായി നമ്മളെ രൂപപ്പെടുത്തികൊണ്ടിരിക്കുകയാണല്ലൊ. ഇപ്പൊൾ നമ്മളെ സ്വയം ഹിന്ദു എന്നു പറഞ്ഞാലും ബൗദ്ധനെന്നു പറഞ്ഞാലും ക്രിസ്ത്യാനിയെന്നു പറഞ്ഞാലും മറ്റെന്തു പറഞ്ഞാലും ഇത് പേരു മാത്രമാണെന്ന് മനസ്സിലാകും. നമ്മൾ പ്രത്യേക വീട്ടിൽ ജനിച്ചതുകൊണ്ട്, ഇങ്ങനെ ആ പേരിൽ അറിയപ്പെടുന്നു. ഇന്ന സമൂഹത്തിൽ പിറന്നതുകൊണ്ട്, വളർന്നതുകൊണ്ട് സമൂഹം നമ്മളെ ഇന്ന പ്രകാരത്തിൽ അറിയപ്പെടുന്നു. നമ്മളും അതേപോലെ പറയുന്നു. എന്നാൽ ധർമ്മവുമായി ഇതിന് യാതൊരു ബന്ധവുമില്ല. വിദൂരമായ ബന്ധം പോലുമില്ല. പേരു മൂലം നമ്മൾ ധർമ്മവാനെന്ന് ധരിക്കുന്നത് വിഭ്രാന്തിയാണ്. ധർമ്മം മനസ്സിലാകായ്കയാണ്. ഇത് കേവലം പറയുവാൻ വേണ്ടി മാത്രമാണ് നാമമാത്രമാണ്. ഇന്ന സമൂഹത്തിൽ ഇന്ന കുടുംബത്തിൽ ജനിച്ചു, അവിടെ വളർന്നു, അതുകൊണ്ട് ഈ പേരിൽ സ്വയം അറിയപ്പെടുന്നു. ഈ സമൂഹത്തിലെ ആളുകൾ ഇന്ന ആചാരാനുഷ്ഠാനങ്ങൾ ചെയ്യുന്നു, ശരി ഞാനും ചെയ്തേക്കാം. ഈ സമൂഹത്തിലെ ആളുകൾ ഇന്ന പ്രകാരത്തിലുള്ള അനുഷ്ഠാനങ്ങൾ ആചരിക്കുന്നു. ശരി, ഞാനും ചെയ്തേക്കാം അത്ര തന്നെ. അല്ലാതെ ധർമ്മവുമായി ഇതിനൊന്നും യാതൊരുവിധ ബന്ധവുമില്ല.

ധർമ്മത്തിന്റെതായിട്ട് ഒരേ ഒരു കാര്യമേയുള്ളു - മനസ്സിനെ നിർമ്മലമാക്കിയോ, ഇല്ലയോ എന്നതാണത്. നിർമ്മലമാക്കി എങ്കിൽ ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെയാണ് പോകുന്നത്. കാരണം പ്രകൃതി പറയുന്നത് മനസ്സിനെ വികൃതമാക്കി എങ്കിൽ ശിക്ഷ നൽകും,

വ്യാകുലമാക്കും. മനസ്സിനെ വികാരങ്ങളെകൊണ്ട് വികൃതമാക്കിയില്ലായെങ്കിൽ പ്രകൃതി ശിക്ഷ നൽകുകയില്ല. മാത്രമല്ല സമ്മാനവും നൽകും. അകത്ത് വലിയ ശാന്തി, അകത്ത് വലിയ സുഖം! അപ്പോൾ കാര്യം മനസ്സിലാകും. പ്രകൃതിയുടെ നിയമം എല്ലാവരിലും പ്രാവർത്തികമാകുന്നു, ഒരേ രൂപത്തിലുമാകുന്നു.

ചിത്തത്തെ ിക്രവിഹീനമാക്കുകയെന്നതാണ് പ്രകൃതിയുടെ നിയമം. ഇതുതന്നെയാണ് ധർമ്മവും. ചിത്തത്തെ വികാരമുക്തമാക്കുവാൻ വേണ്ടി ചെയ്യുന്ന കാര്യങ്ങൾ ധർമ്മത്തിന്റെതും, ബാക്കിയെല്ലാം സമൂദായത്തിന്റെതും സമ്പ്രദായ ത്തിന്റെതും ആകുന്നു. അതു ചെയ്യേണ്ടിവരുന്നതുകൊണ്ട് ചെയ്യുന്നു എന്നുമാത്രം. ഇന്ന മതത്തിൽ ജനിച്ചതുകൊണ്ട് ഇങ്ങനെ ചെയ്യുന്നു. അതുമായി ധർമ്മത്തിന് ബന്ധമില്ല. ഇപ്രകാരം ശരിക്കും മനസ്സിലാക്കി കൊണ്ടിരിക്കും. ചില മതങ്ങളിലെ അനുഷ്ഠാനങ്ങൾ മനസ്സിന്റെ മേൽഭാഗത്തെ നിർമ്മലമാക്കുന്ന കാര്യങ്ങളാണ്. അതുശരിക്കും മനസ്സിലാകും, തിരിച്ചറിയും. ശരി ഇന്ന ഇന്ന കാര്യങ്ങൾ ചെയ്തതുകൊണ്ട് മേൽ മനസ്സ് നന്നായി തുടങ്ങി. എന്നാൽ തടസ്സവുമുണ്ടായി. മേൽഭാഗം മാത്രം നന്നാക്കി, ആഴങ്ങളിലിറങ്ങുവാൻ കഴിയാതെ മതിലുകൾ സൃഷ്ടിച്ചു. എന്നാൽ എനിക്ക് ഈ മതിലുകൾ തകർത്ത് മനസ്സിന്റെ ആഴങ്ങൾ വരെ എത്തണം. അൺകോൺഷ്യസ്സ് മൈന്റ് എന്ന് പറയുന്ന ആ ഭാഗം, അത് പ്രതിക്ഷണം സംവേദനകളുമായി ചേർന്നിരിക്കുന്നു, പ്രതിക്ഷണം സംവേദനകളെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. നല്ലതെന്ന് തോന്നിയാൽ രാഗം ജനിപ്പിക്കുന്നു, മോശമെന്ന് തോന്നിയാൽ ദ്വേഷം ജനിപ്പിക്കുന്നു. എനിക്ക് മനസ്സിന്റെ ആ ഭാഗം വരെ എത്തണം. അവിടെ ചെന്ന് അതിന്റെ സ്വഭാവം തിരുത്തണം.

വിപശ്ശന ചെയ്യുന്നവർ വളരെ വേഗം ഈ കാര്യം മനസ്സിലാക്കണം. മനസ്സിലാകുന്നില്ലെങ്കിൽ വിപശ്ശനയല്ല ചെയ്യുന്നത് എന്നറിയണം. മൂന്നു ദിവസത്തേക്ക് വീണ്ടും ഒരു പ്രാവശ്യം കൂടി എത്തിയിരിക്കുകയാണല്ലോ. ശരിക്കും വിപശ്ശന യാണോ ചെയ്യുന്നത് അതോ വിപശ്ശനയുടെ പേരിൽ മറ്റെന്തെങ്കിലും ചതിയാണോ എന്ന് തിരിച്ചറിയണം. മറ്റു മത വിശ്വസങ്ങളനുസരിച്ച് സ്വയം വഞ്ചിക്കപ്പെട്ടിരിക്കുന്നതുപോലെ ഇന്ന അമ്പല ത്തിൽ പോയി, ഇന്ന പള്ളിയിൽ പോയി, ഇന്നതൊക്കെ ചെയ്തു, വലിയ ധർമ്മവാനായി. അതേപോലെ വിപശ്ശനയുടെ പേരിലും ചതിക്കപ്പെടും, പത്തുദിവസത്തെ ശിബിരത്തിൽ പോയി ഇന്ന സംവേദന കണ്ടു, ഞാൻ വലിയ ധർമ്മവാനായി, ആയില്ല; ഒന്നുമായിട്ടില്ല. സംവേദനകളെ എന്തിനു വേണ്ടിയാണ് നിരീക്ഷിക്കുന്നത്. സംവേദനകളെ നിരീക്ഷി ക്കുമ്പോൾ അനിത്യബോധം ഉണരണം. ഇതനിത്യമാണ്. എത്രതന്നെ സുഖദമായിരുന്നാലും അനിത്യമാണ് എന്നെന്നും നിലനിൽക്കുന്നതല്ല. നോക്കി നോക്കിയിരിക്കുമ്പോൾ തന്നെ ഇല്ലാതാകുന്നു. ഇതിനോട് രാഗം ജനിപ്പിക്കുകയില്ല. എത്രതന്നെ ദുഖദമായിരുന്നാലും ശരി, അതും അനിത്യമല്ലേ, സുഹ്രത്തേ? എല്ലായ്പ്പോഴും ഒരേപോലെയല്ല ഇരിക്കുന്നത്. നോക്കി യിരിക്കുമ്പോൾ ഇപ്പോഴല്ലെങ്കിൽ പിന്നെ ഇല്ലാതാകുകതന്നെ ചെയ്യും. ഇതിനോട് ദ്വേഷം ജനിപ്പിക്കുകയില്ല. ഇതു മനസ്സിലായാൽ ഇതനുസരിച്ച് ജോലി ചെയ്താൽ സംവേദന എപ്രകാരമുള്ളതായിരുന്നാലും ശരി, നല്ലതെന്നുകണ്ട് രാഗം ഉണർത്തുകയില്ല. മോശമെന്നുകണ്ട് ദ്വേഷവും ഉണർത്തുകയില്ല. അപ്പോൾ അറിയണം എനിക്ക് വിപശ്ശന മനസ്സിലായി, ഞാൻ ശരിയായ മാർഗ്ഗത്തിലൂടെയാണ് മുന്നോട്ടു പോകുന്നത് എന്ന്.

ഇങ്ങനെയല്ലാതെ ധാരാളം ആളുകൾ ഭ്രാന്ത് കാണിക്കുന്നുണ്ട്. വിപശ്ശന ചെയ്യുവാനെന്ന പേരിലാണെങ്കിലും കാര്യം മനസ്സിലാക്കുന്നതേയില്ല. ഒറ്റ ആഗ്രഹമേയുള്ളു – എങ്ങനെയെങ്കിലും സുഖദമായ സംവേദന ലഭിക്കണം. ചിലർ എത്തും – ഇന്നയാളെ നോകൂ അയാൾക്ക് ധാരാപ്രവാഹം ലഭിച്ചു, എനിക്ക് ഇതുവരെ അതു ലഭിച്ചില്ല, ആളുകൾക്ക് ആനന്ദം കിട്ടി. എനിക്കിതുവരെ അതു കിട്ടിയില്ല. എന്റെ ഇന്ന വേദന മാറുന്നേയില്ല. എന്റെ ഈ വേദന അകലുന്നതേയില്ല. ശ്ശെടാ! നീ വിപശ്ശന ചെയ്യുകയാണോ? അതോ ഏതെങ്ങിലും സുഖാനുഭൂതി അന്വേഷിക്കുകയാണോ? ആനന്ദാ നുഭൂതിയാണ് അന്വേഷിക്കുന്നതെങ്കിൽ വിപശ്ശന യാകുന്നതെങ്ങനെ? കാര്യം മനസ്സിലായില്ല എങ്കിൽ ഇതുപോലെ വഴി തെറ്റാനിടയാകും. ഇങ്ങനത്തെ സംവേദന വന്നാൽ ഇതെങ്ങനെ പോകും. ഇങ്ങനത്തേതു വന്നാൽ ഇതെങ്ങനെ സ്ഥിരമായിരിക്കും. എങ്ങനെ പോകും? ഇതാണ് ദ്വേഷം എന്ന് പറയുന്നത്. എങ്ങനെ നിലനിർത്താം? ഇതാണ് രാഗം എന്ന് പറയുന്നത്. ഇപ്പോഴും അതേ രാഗം, അതേ ദ്വേഷം, അതേ രാഗം, അതേ ദ്വേഷം. ഇതിൽ നിന്നും വെളിയിൽ കടക്കുന്നതെങ്ങനെ? ഈ കാര്യം ശരിക്കും മനസ്സിലാക്കണം. മൂന്നു ദിവസത്തെക്കാണ് വന്നതെങ്കിൽ കൂടിയും ശരിക്കും മനസ്സിലാക്കണം. നാളെ വിപശ്ശനയുടെ ജോലി ആരംഭിക്കുമ്പോൾ അതുമൂലമുണ്ടായ സംവേദന കൊണ്ടുള്ള കളി ആരംഭിക്കരുത്. ഒരു തരത്തിലുള്ള സംവേദനകൾ വരുമ്പോൾ സന്തോഷത്താൽ നൃത്തം ചെയ്യും. തുള്ളിച്ചാടും. കണ്ടോ, എനിക്ക് എത്ര നല്ല സംവേദനകളാണ്! കിട്ടിപ്പോയി! മറ്റൊരു തരത്തിലുള്ള സംവേദനകൾ വരുമ്പോൾ ഉദാസീനതയിൽ മുങ്ങും, നിരാശയിൽ മുങ്ങും, കണ്ടോ എനിക്കിതെങ്ങനെയുള്ള സംവേദനകളാണ് കിട്ടിയിരിക്കുന്നത്? ഈ സംവേദനകൾ പോകുന്നേയില്ല. ഇത് പോകുന്നതേയില്ല. അപ്പോൾ വിപശ്ശനയല്ല ചെയ്യുന്നത്. തെല്ലും ചെയ്യുന്നില്ല. കാര്യം മനസ്സിലാക്കിയില്ല.

ഇതുവരെ തെറ്റാണ് ചെയ്തുകൊണ്ടിരുന്നത് എങ്കിൽ ഇപ്പോഴെങ്കിലും രക്ഷപ്പെടൂ. നാളെ ജോലി ചെയ്യുമ്പോൾ സംവേദന ഏതു തരത്തിലുള്ളതുമാകട്ടെ, നമുക്കവയെല്ലാം ഒരേ പോലെയാണ്. എല്ലാ സംവേദനകളും അനിത്യമാണ്. ഇത് ഏതെങ്കിലും ഗുരു പറഞ്ഞതുകൊണ്ട്, ഭഗവാൻ ബുദ്ധൻ പറഞ്ഞതുകൊണ്ട്, ശാസ്ത്ര ത്തിലുള്ളതുകൊണ്ട് മാത്രം വിശ്വസിക്കലല്ല. അനുഭവത്തിൽ അറിയുന്നതാണ്. നോക്കി, നോക്കിയിരിക്കുമ്പോൾ മാറി പോകുന്നത്, സംവേദനയില്ലാതാകുന്നത് നമ്മൾ അനുഭവി ച്ചറിയുകയാണ്. ഒന്നും തന്നെ ഒരേപോലെ നിലനിൽക്കുന്നതേയില്ല. മാറി ക്കൊണ്ടിരിക്കുന്നു. അതിന്റെ സ്വഭാവമാണ് മാറിക്കൊണ്ടിരിക്കുക എന്നത്. ഈ അനിത്യമായവയോട് എന്തു രാഗം,

ഈ അനിത്യമായവയോട് എന്തു ദ്വേഷം? കുറെ കഴിയുമ്പോൾ അവസാനിക്കുകതന്നെ ചെയ്യും. ഇങ്ങനെ അതിനെ സാക്ഷീഭാവത്തിൽ നിരീക്ഷിക്കുകയാണെങ്കിൽ വിപശ്ശനയാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കാം. അല്ലാതെ ദുഖദസംവേദന വന്നു, ഇതെങ്ങനെ അകന്നു പോകും? പെട്ടെന്ന് അകന്നുവെങ്കിൽ, പെട്ടെന്ന് അകന്നുവെങ്കിൽ! സുഖദസംവേദന വന്നു, ഇതെങ്ങനെ നിലനിർത്താം? ഇതാണ് ചെയ്യുന്നതെങ്കിൽ വിപശ്ശനയല്ല ചെയ്യുന്നത്. സംവേദന അറിഞ്ഞു തുടങ്ങി. കോൺഷ്യസ് മൈൻഡിനും അൺകോൺഷ്യസ് മൈന്റിനും ഇടയിലുള്ള ചുമരുകൾ തകർന്നു. അതുകൊണ്ട് അൺകോൺഷ്യസ് മൈന്റിന്, അചേതന ചിത്തത്തിനു (ഉപബോധ മനസ്സിനു) അനുഭൂതമായിരുന്ന സംവേദന ചേതന ചിത്തവും (ബോധ മനസ്സും) അറിഞ്ഞു തുടങ്ങി. ഈ കാര്യം തുടങ്ങി എന്നാൽ നിർമ്മലമാക്കുന്ന കാര്യം തുടങ്ങിയില്ല. ചിത്തം നിർമ്മലമാക്കുവാൻ സാധിച്ചിട്ടില്ല.

നിർമ്മലത ആരംഭിക്കുന്നത് ഈ സംവേദനകളെ അനിത്യമായി കണ്ട്, സമതയിൽ സ്ഥാപിതമാകുമ്പോഴാണ്. ഓരോ സംവേദനയേയും അനിത്യ മെന്നറിഞ്ഞ് സമതയിൽ സ്ഥാപിത മാകുമ്പോൾ, മനസ്സിലാക്കണം – അപ്പോൾ മാത്രം മനസ്സിലാക്കണം – എനിക്ക് വിപശ്ശനയുടെ ശരിയായ മാർഗ്ഗം ലഭിച്ചിരിക്കുന്നു എന്ന്. ഇപ്പോൾ എനിക്ക് വികാരങ്ങളിൽ നിന്നും വിമുക്ത നാകുവാനുള്ള ശരിയായ മാർഗ്ഗം ലഭിച്ചിരിക്കുന്നു. ഇനി ഈ മാർഗ്ഗത്തിലൂടെ അടിവെച്ചടിവെച്ച് മുന്നോട്ടു പോകണം. ഒരു വശത്ത് ശരീരത്തിൽ ഉണ്ടാകുന്ന സംവേദനകളെ അറിയുകയും, മറുവശത്ത് അറിയുന്ന സംവേദനകളോട് ഒരു തരത്തിലുമുള്ള രാഗത്തിന്റെയോ ദ്വേഷത്തിന്റെയോ പ്രതിക്രിയ ചെയ്യാതെയും എന്റെ ചിത്തം സമതയിൽ സ്ഥാപിതമായിരിക്കട്ടെ. സംവേദന എങ്ങനെ യുള്ളതുമാകട്ടെ, അതിനെ നല്ലതെന്നോർത്ത് രാഗം ജനിപ്പിക്കുകയില്ല. അതിനെ മോശമെന്നോർത്ത് ദ്വേഷവും ജനിപ്പിക്കുകയില്ല. അതെ, വിപശ്ശന മനസ്സിലായി. ഇപ്പോൾ ശരിക്കും മനസ്സിലായി. ഒരാൾ സ്വയം ഹിന്ദുവെന്നു പറയട്ടെ, ബൗദ്ധൻ, ബൗദ്ധനെന്നും, ജൈനൻ ജൈനനെന്നും, ക്രിസ്ത്യൻ ക്രിസ്ത്യനെന്നും പറയട്ടെ, ഈ പേരുകളിൽ എന്തിരിക്കുന്നു? പ്രകൃതിയുടെ നിയമമനുസരിച്ച് ജീവിതം രൂപപ്പെടുത്തുവാൻ മനസ്സിലായി. പ്രകൃതിയുടെ നിയമം വികാരം, ഉത്പന്നമായാൽ ശിക്ഷ ലഭിക്കുന്നു, വികാരം ഉത്പന്നമായില്ല എങ്കിൽ പുരസ്ക്കാരം ലഭിക്കുന്നു എന്നുള്ളതാണ്. ഇപ്പോൾ അന്തർമനസ്സിന്റെ ആഴതലങ്ങൾ വരെ വികാരം ഉണർത്തുവാതിരിക്കുവാൻ നമ്മൾ പഠിച്ചു. നമ്മൾ സമതയിലിരുന്നാൽ വികാരം ഉണരുകയില്ല, അങ്ങനെ നമ്മൾ പ്രകൃതി നിയമത്തിനൊത്ത് നീങ്ങുവാൻ തുടങ്ങി. ഇതിന് വർഗ്ഗീയതയുമായി യാതൊരു ബന്ധവുമില്ല. വിപശിയാണെങ്കിൽ സമ്പ്രദായവുമായി ഇതിന് ഒരു ബന്ധം ഒന്നുമില്ലെന്ന് മനസ്സിലാകും. അപ്പോൾ സമ്പ്രദായത്തിന്റെ കുരുക്കുകളിൽ നിന്നും പുറത്ത് കടക്കുവാൻ തുടങ്ങും.

പേരിനുവേണ്ടി എന്തുതന്നെ വിളിച്ചാലും ആ വലയിൽ നിന്നും പുറത്ത് കടക്കുവാൻ തുടങ്ങും. പിന്നെ ജാതി മത വാദങ്ങളുടെ വലയിൽ നിന്നും പുറത്തു കടന്നുവരാം. ഈ ജാതിയിലേതായാലും ആ ജാതിയിലേതായാലും എന്തു വ്യത്യാസമാണു സഹോദരാ? നമ്മെ ഈ ജാതിയിലേതെന്നു പറഞ്ഞാലും ആ ജാതിയി ലേതെന്നു പറഞ്ഞാലും പ്രകൃതി വ്യത്യാസം കാണിക്കുന്നില്ല. താൻ ബ്രാഹ്മണ നാണെന്നു പറഞ്ഞിട്ട് കോപിച്ചാൽ ശിക്ഷ ലഭിക്കുന്നുണ്ടല്ലോ. ശൂദ്രനാണ് താനെന്നു പറഞ്ഞിട്ട് കോപം ഉണർത്തിയാലും ശിക്ഷ ലഭിക്കുന്നുണ്ടല്ലോ. പ്രകൃതി വ്യക്തിയുടെ ജാതി നോക്കുന്നതേയില്ല. ബ്രാഹ്മണനായാലും ശൂദ്രനായാലും വൈശ്യ നായാലും മറ്റേതെങ്കിലും ജാതിയിലേതായാലും ഭേദമില്ല. വിപശ്ശി സ്വയമേവ ഇതിൽ നിന്നും മോചനം നേടിതുടങ്ങും. അതേപോലെ തന്നെയാണ് ദേശ വ്യത്യാസങ്ങളും, അതിൽനിന്നും പുറത്തു കടന്നുതുടങ്ങും. ഞാൻ പഞ്ചാബിയാണ്, ഗുജറാത്തിയാണ്, മറാഠിയാണ്, ബംഗാളിയാണ്, യാതൊരു ഭേദവുമില്ല. നീ ബംഗാളിയാണെന്ന് പറഞ്ഞാൽ പ്രകൃതി നിന്നോട് പക്ഷപാതം കാണിക്കുമോ? പഞ്ചാബിയാണെന്ന് പറഞ്ഞാൽ പ്രകൃതി പക്ഷപാതം കാണിക്കുമോ? മറാഠി എന്നുപറഞ്ഞാൽ എന്തെങ്കിലും വ്യത്യാസ മുണ്ടാകുമോ? പ്രകൃതി അത്രതന്നെ ശിക്ഷ നൽകും. വികാരം ജനിപ്പിച്ചാൽ ഉടനെ ശിക്ഷ ലഭിക്കും. ശിക്ഷയിൽ നിന്നും രക്ഷപ്പെടണമെങ്കിൽ വികാരം ജനിപ്പിക്കാതിരിക്കുക. അപ്പോൾ മറ്റു കാര്യങ്ങളെല്ലാം നിരർത്ഥകമാണ്, നിഷ്പ്രയോജനകരമാണ് എന്ന് മനസ്സിലാകും. ജാതി വാദം പൊള്ളയാണ്. സമ്പ്രദായം പൊള്ളയാണ്. പ്രാന്തീയ സ്ഥാനീയ വാദം പൊള്ളയാണ്. ഒരേ കാര്യം അതെല്ലാവർക്കും ഒരുപോലെ. ഒരേ ഒരു കാര്യമാണ് സാധിക്കുവാനുള്ളത്. ധർമ്മവാനായിത്തീരുക. ധർമ്മ ത്തിന് സമ്പ്രദായവുമായി ബന്ധമില്ല. ധർമ്മം സാർവ്വജനീനമാണ്. നമുക്ക് സാർവ്വജനീനമായ ധർമ്മത്തിൽ ഉറയ്ക്കണം. പ്രകൃതിയുടെ നിയമമനുസരിച്ച് സ്വയം രൂപപ്പെടുത്തിയെടുക്കണം. അന്തർമനസ്സിന്റെ ആഴതലങ്ങൾ വരെ ശക്തമാകണം. വികാരങ്ങളിൽ നിന്നും മുക്തി നേടണം.

ഈ കാര്യം മനസ്സിലുറച്ചു കഴിഞ്ഞാലും, പാകമാകുന്നതിന് സമയമെടുത്തെന്നിരിക്കാം. കാര്യം ശരിക്കും മനസ്സിലായിട്ടുണ്ട്. മാർഗ്ഗവും ശരിയായതാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇനി അടിയടിയായി നടന്ന് നടന്ന് അന്തിമ ലക്ഷ്യം വരെ എത്തുകതന്നെ ചെയ്യും. എത്ര അടി വെക്കുന്നുവോ, അത്രയും ലക്ഷ്യത്തോടടുക്കും. ഇത്രയും കാര്യങ്ങൾ ഈ മൂന്നു ദിവസശിബിരത്തിൽ നിന്നും മനസ്സിലായാൽ വലിയ വിജയമായി. ഈ ബോധം ഉണ്ടാകണം.

ഇന്ന് ചെയ്ത സമാധിയുടെ ജോലി നാളെ വലിയ ഫലം തരും. വിപശ്ശന ചെയ്ത്, അന്തർ മനസ്സിന്റെ ആഴങ്ങൾ വരെ സംവേദനകൾ അനുഭൂതമാകുന്നതെങ്ങനെ എന്നറിഞ്ഞു തുടങ്ങും. കൂടാതെ പഴയ സ്വഭാവമനുസരിച്ച് സംവേദനകളോട് രാഗവും ദ്വേഷവും ജനിപ്പിക്കുന്നതും അറിയും. അതിൽ നിന്നും പുറത്തു കടക്കുവാനുള്ള പ്രയത്നവും തുടങ്ങും. തീർത്തും പെർഫെക്ടായിത്തീരും എന്നു പറയുന്നില്ല. എന്നാൽ അതിനായുള്ള പ്രയത്നം ചെയ്യുന്നു. ഇതുവരേയും

ഇത്രയും പ്രയത്നം ചെയ്തിട്ടില്ല എന്നതിന് ഇപ്പോൾ മൂന്നുദിവസത്തെ ശിബിരത്തിനു എത്തിയിരിക്കുകയാണല്ലോ, കൂടുതൽ ബലം കിട്ടും, കൂടുതൽ പ്രയത്നവും ചെയ്ത് രാഗത്തിന്റെ പ്രതിക്രിയ ചെയ്യുവാൻ അനുവദിക്കുകയില്ല, ദ്വേഷത്തിന്റെ പ്രതിക്രിയ ചെയ്യുവാൻ അനുവദിക്കുകയില്ല. എനിക്ക് സമതയിൽ ഉറക്കുക തന്നെ വേണം. സമതയിൽ സ്ഥിതമാകുന്നു എങ്കിൽ ഇവിടെ മൂന്നുദിവസത്തെ ശിബിരത്തിനു വന്നത് സാർത്ഥകമാകും. വലിയ മംഗളങ്ങൾക്കിടയാകും, നന്മകൾക്കിടയാകും.

ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നയാൾ, ആരുതന്നെ ആയാലും നല്ലതേ വരൂ. മംഗളമേ പ്രാപ്തമാകു. സ്വസ്തി മുക്തി തന്നെ പ്രാപിക്കും. ഈ ലഘുശിബിരത്തിൽ വന്നിട്ടുള്ള എല്ലാവരും ധർമ്മം ശരിക്കും മനസ്സിലാക്കട്ടെ, ധർമ്മത്തിന്റെ സാരം മനസ്സിലാക്കട്ടെ, ധർമ്മത്തിന്റെ നിയമം മനസ്സിലാക്കട്ടെ, അതനുസരിച്ച് സ്വയം രൂപപ്പെടുത്തി സകലദുഖങ്ങളിൽ നിന്നും മുക്തമാകട്ടെ, സകല വികാരങ്ങളിൽ നിന്നും മുക്തമാകട്ടെ.

എല്ലാവർക്കും മംഗളം ഭവിക്കട്ടെ, എല്ലാവർക്കും നന്മയുണ്ടാകട്ടെ, എല്ലാവർക്കും സ്വസ്തി മുക്തി ലഭിക്കുമാറാകട്ടെ. …..തുടരും.